**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1949** **03-03-2025 - ൽ മറുപടിയ്ക്ക്**

**ടീകോം കമ്പനിക്ക് നഷ്ടപരിഹാരം നൽകാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. ടി. വി. ഇബ്രാഹിം , ശ്രീ. പി. ഉബൈദുള്ള , ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും ടീകോം കമ്പനിയെ ഒഴിവാക്കുമ്പോൾ അവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ; | (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും ടീകോം കമ്പനിയെ ഒഴിവാക്കുമ്പോൾ പദ്ധതിയിൽ നിർമാണ പ്രവർത്തനങ്ങൾക്കും മറ്റുമായി അവർ ചെലവിട്ട തുകയും അവരുടെ അനുവദനീയമായ ഓഹരി മൂല്യവും അടക്കം തിരികെ നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കരാറിൽ നിന്ന് പിൻമാറുന്നതിനുള്ള നഷ്ടപരിഹാരമല്ല, പദ്ധതിയ്ക്കായി ടീകോം ചെലവഴിച്ച തുകയും അവരുടെ അനുവദനീയമായ ഓഹരി മൂല്യവുമാണ്. ആയത് കണക്കാക്കുന്നതിനായി ഒരു സ്വതന്ത്ര ഇവാല്യുവേറ്ററെ നിയമിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള മൂന്നംഗ സമിതി നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാവും സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുക. |
| (ബി) | കമ്പനിയുടെ ഭാഗത്തു നിന്നുണ്ടായ കരാർ ലംഘനത്തിന് എന്തെങ്കിലും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | **ആർബിട്രേഷനും അനുബന്ധ നിയമ നടപടികളുമായി മുന്നോട്ടുപോവുകയാണെങ്കിൽ കൊച്ചിയിലെ ഐ.ടി വികസനമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഇനിയും കാലതാമസമുണ്ടാകുവാൻ സാധ്യതയുള്ളതിനാൽ പരസ്പരധാരണയോടുകൂടി സമയബന്ധിതമായി പരിഹാരം കണ്ടെത്തി സ്ഥലം തിരികെ ഏറ്റെടുത്ത് ഐ.ടി വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനായി തീരുമാനം കൈകൊണ്ട് മുന്നോട്ട് പോകുന്നത്.** |

സെക്ഷൻ ഓഫീസർ